കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - dokn.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-കെ.എൻ.ആർ./സി.5/1574/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി: 19.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം – പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ – മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-കെ.എൻ.ആർ./സി.5/1574/2017 തിയ്യതി: 19.10.2017

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 31-03-2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജോൺമനോഹർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-08-2017 മുതൽ 24-08-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലീലാകൃഷ്ണൻ എൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വനജ മാടത്താൻകണ്ടി, ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ.നാരായണൻ | 01-04-2016 മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ. ഗോപി എം.ടി. | 01-04-2016 മുതൽ 29-08-2016വരെ |
| | ശ്രീ.രാമകൃഷ്ണൻ.കെ (അസിസ്റ്റന്റ് സെക്രട്ടറി അധിക ചുമതല) | 30-08-2016 മുതൽ 16-09-2016വരെ |
| | ശ്രീ.ജയ്സൺ മാത്യൂ | 17-09-2016 മുതൽ 31-03-2017വരെ |

നിർവ്വഹണോദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | രാമകൃഷ്ണൻ കെ. | 01-04-2016 മുതൽ 26-09-2016വരെ |
| | വിനോദ് കുമാർ.കെ | 27-09-2016 മുതൽ 31-03-2017വരെ |
| അസി.എഞ്ചിനിയർ | ജാക്സൺ ജോസഫ് | 01-04-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | രമ കെ.ടി. | 01-04-2016 മുതൽ 29-09-2016വരെ |
| | വിഷ്ണു.എസ്.നായർ | 30-09-2016 മുതൽ 20-02-2017 വരെ |
| | പ്രസന്നൻ.യു. | 21-02-2017 മുതൽ 31-03-2017വരെ |
| വി.ഇ.ഒ-I | ബബേഷ് കുമാർ.വി.കെ. | 01-04-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ-II | മിനി മേപ്പാടൻ | 18-11-2016 മുതൽ 31-03-2017വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലീന കോട്ടായി | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ഷാഹിനാഭായി | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ജി.എ.ഡി. | ഡോ.റീജ പി.വി. | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.രമേഷ് | 01-04-2016 മുതൽ 10-02-2017വരെ |
| | ഡോ.സുഷാന്ത് | 11-02-2017 മുതൽ 31-03-2017വരെ |
| ഹെഡ് മാസ്റ്റർ | ഗിരിജ എം.പി. | 01-04-2016 മുതൽ 31-03-2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | ഗ്രാമ സഭ | 1.11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.12 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | രശീത് പുസ്തകങ്ങൾ ഉപയോഗിക്കുന്നതിലെ അപാകങ്ങൾ | 2.1 |
| 14 | വാർഡ് തല അന്വേഷണ ഉദ്യോഗസ്ഥർ ചുമതലകൾ നിറവേറ്റുന്നില്ല. | 2.2 |

| | | |
|---|---|---|
| | | |
| 15 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം. | 2.3 |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ. | 2.4 |
| 17 | വസ്തുനികുതി - 13,69,243 രൂപയുടെ കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കി. | 2.5 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - 1,60,935 രൂപ കുടിശ്ശിക , നികുതി നിർണ്ണയം നടത്തിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 2.6 |
| 19 | ബി എസ് എൻ എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2.7 |
| 20 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ട്രേഡേർസ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 2.8 |

| | | |
|---|---|---|
| | | |
| 21 | തൊഴിൽനികുതി അപാകങ്ങൾ | 2-9 |
| | ഭാഗം3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | മഴക്കാലപൂർവ്വ ശുചീകരണം–പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിന്റെ ലംഘനം 30000 രൂപ തടസ്സം ചെയ്യുന്നു | 3.1 |
| 23 | ഗ്രാമ പഞ്ചായത്തിൽ സോളാർ പ്ളാന്റ് സ്ഥാപിക്കൽ- നിർമ്മാണം പൂർത്തായായെങ്കിലും വൈദ്യുതി ഉല്പാദനം തുടങ്ങിയില്ല. | 3.2 |
| 24 | സാനിട്ടറി ലാട്ടിന് നിർമ്മാണം-ശുചിത്വമിഷന് ഫണ്ട് ഉപയോഗം സംബന്ധിച്ച് | 3.3 |
| 25 | മെഡിക്കൽ ഓഫീസർ (സി എച്ച് സി)- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 3.4 |
| 26 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹണം നടത്തിയ പ്രോജക്ട്- മരുന്നുകൾ പൂർണ്ണമായും | 3.5 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല. | |
| 27 | DBT വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ - ഗുണഭോക്താക്കൾ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. | 3.6 |
| 28 | അംഗൻവാടികളിൽ കസേരവാങ്ങലും കളിയുപകരണങ്ങൾവാങ്ങലും മറ്റ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങലും- അപാകങ്ങൾ | 3.7 |
| 29 | സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 242680 രൂപ തടസ്സപ്പെടുത്തുന്നു. | 3.8 |
| 30 | കമ്മാടത്തിമൊട്ട കിണർ, പമ്പ് ഹൗസ് നിർമ്മാണം വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ നിഷ്ക്രീയമായി കിടക്കുന്നു. | 3-9 |
| 31 | പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ | 3-10 |

| | | |
|---|---|---|
| | സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല. | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4.2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4.3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 37 | ഓഡിറ്റ് റിക്കവറി | 4.6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |

| | | |
|---|---|---|
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.9 |
| | Audit Cetificate | Appendix-1 |
| | Income&Expenditure Statement | Appendix-2 |
| | Receipt& Payment Statement | Appendix-3 |
| | Balance Sheet | Appendix-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 01-03-2016 തിയതിയിലെ 27/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 09-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-08-2017 | - |

1- 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക 30,77,302 രൂപയാണ്. എന്നാൽ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP- 43 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക 15,95,636 രൂപ മാത്രമാണ്. ഇതനുസരിച്ച് 2016-17 വർഷത്തെ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള വസ്തുനികുതി 14,81,666 രൂപ യാണെന്നിരിക്കെ ബാലൻസ്ഷീറ്റ് B-15ഷെഡ്യൂളിൽ 1,12,423 രൂപ മാത്രമാണ് കുടിശ്ശി കയിനത്തിൽ കാണിച്ചിരിക്കുന്നത്.

2- ഇന്ത്യൻ ബാങ്ക് ഈ സാന്റ് എക്കൗണ്ട് റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ കാണിച്ച ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ബാങ്ക് എന്നയിനത്തിൽ കാണിച്ച് 20,86,693 രൂപയും ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കലക്റ്റഡ് ഫ്രം ബാങ്ക് എന്നയിനത്തിൽ കാണിച്ച 20,55,493 രൂപ ഏതെല്ലാം ഇനമാണ് എന്ന് വ്യക്തമല്ല. പലതുകകളും മേൽ രണ്ട് ശീർഷകത്തിലും ആവർത്തിക്കുന്നുണ്ട്. ചെക്ക് ഡയറക്റ്റലി ഡബിറ്റഡ് ബാങ്ക് എന്നയിനത്തിൽ കാണിച്ച 30000 രൂപ ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ബാങ്ക് ,ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കലക്റ്റഡ് ഫ്രം ബാങ്ക് എന്നയിനത്തിലും ആവർത്തിക്കുന്നുണ്ട്.

3.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4 ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

5 .സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6- 5ലക്ഷത്തിലധികം അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫോറം വില, ഇ.എം.ഡി. തുക എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭിക്കാനുണ്ടെങ്കിലും ആയവ ലഭിക്കാനുള്ള തുകയായി വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.

7- RP 43 ഷെഡ്യൂളിൽ കാണിച്ച Rent received from building (current) രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2016-17 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 21481969 |
| വരവ് | 56061876 |
| ആകെ | 77543845 |
| ചെലവ് | 54600788 |
| നീക്കിയിരിപ്പ് | 22943057 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് അലോട്ട്മെന്റ് പ്രകാരം | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 11212701 | 11212701 | 11011454 | 201247 | 98.21 |
| വികസനഫണ്ട് എസ്.സി.പി. | | 5901318 | 5901318 | 5666352 | 234966 | 96.02 |
| വികസനഫണ്ട് ടി.എസ്.പി. | | 19050 | 19050 | 19050 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 3559035 | 3559035 | 261299 | 3297736 | 7.34 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3516090 | 3516090 | 2242681 | 1273409 | 63.78 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6288276 | 6288276 | 4573609 | 1714667 | 72.73 |
| പെർഫോമൻസ് ഗ്രാന്റ് | | 3484826 | 3484826 | 740725 | 2744101 | 21.26 |
| എം. എൻ. ആർ. ഇ. ജി. എസ്. | 162 | 5543648 | 5543846 | 5543115 | 731 | 99.99 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 58232321 | 105 | 34177902 | 32 | 3 | 75 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം19.21ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7170289 | 8693827 | 1523538 | (+)21.24 |
| നികുതിയേതര വരവുകൾ | 1755992 | 1859127 | 103135 | (+)5.87 |
| മറ്റുവരവുകൾ | 532674 | 722619 | 189945 | (+)35.66 |

| | | | | |
|---|---|---|---|---|
| ആകെ | 9458955 | 11275573 | 1816618 | (+)19.21 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82800 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 3180040 | 354 |
| വിധവാപെൻഷൻ | 12740340 | 1082 |
| വാർദ്ധക്യകാലപെൻഷൻ | 25569960 | 2617 |
| വികലാംഗപെൻഷൻ | 2742895 | 300 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 143830 | 133 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 630000 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12129/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം 05/2016, 08/2016 ഒഴികെയുള്ള മാസങ്ങളിൽ ചേർന്നിട്ടുണ്ട്. 01/2017, 02/2017, 3/2017 എന്നീ മാസങ്ങളിൽ പങ്കെടുത്ത ജീവനക്കാരുടെ പേര്മാത്രമാണ് മിനുറ്റ്സിൽ രേഖപ്പെടുത്തിയത്. യോഗത്തിന്റെ അജണ്ട, യോഗതീരുമാനം എന്നിവ മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. 06-01-2017, 09-02-2017 എന്നീദിവങ്ങളിൽ 4 പേരും 18-03-2017 ൽ 10 പേരും മാത്രമാണ് യോഗത്തിൽ പങ്കെടുത്തത്. സ്റ്റാഫ് മീറ്റിംഗിൽ പഞ്ചയത്തിലെ മുഴുവൻ ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. മീറ്റിംഗിൽ മുൻതീരുമാനങ്ങൾ നടപ്പിലാക്കുന്നതിലുള്ള പുരോഗതി വിലയിരുത്തേണ്ടതും, അജണ്ട, തീരുമാനങ്ങൾ എന്നിവ മിനുറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-11 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ 4 പ്രാവശ്യം ഗ്രാമ സഭ ചേർന്നിട്ടുണ്ട്. എന്നാൽ ഗ്രാമസഭകൾ തമ്മിലുള്ള ദൈർഘ്യം 6 മാസത്തിനടുത്ത് വരുന്നുണ്ട് . 02/2016 ന് ശേഷം 08/2016 ൽ മാത്രമാണ് ഗ്രാമസഭകൾ ചേർന്നത്. ഗ്രാമസഭ മിനുറ്റ്സിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ മാത്രം എഴുതുന്ന പ്രവണത കാണുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ | ചേർന്ന തീയതി | അപാകങ്ങൾ |
|---|---|---|
| X11 ഉരുത്തി | 19-11-2016 | തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേജ് നമ്പർ 65മുതൽ 67 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | 09-04-2017 | പേജ് നമ്പർ 115മുതൽ 117 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | രേഖപ്പെടുത്തിയിട്ടില്ല | പേജ് നമ്പർ 128മുതൽ 143 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | 15-08-2017 | അജണ്ട, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| XV വിളക്കണ്ടം | 17-11-2016 | തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേജ് നമ്പർ 78മുതൽ 81 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | 22-06-2017 | പേജ് നമ്പർ 134മുതൽ 137 വരെ |

| | | |
|---|---|---|
| | | ഒഴിച്ചിട്ടിരിക്കുന്നു. |
| | 15-08-2017 | അജണ്ട, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| VII വടേശ്വരം കേളനി | 07-04-2017 | തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേജ് നമ്പർ 94മുതൽ 119 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | രേഖപ്പെടുത്തിയിട്ടില്ല | അജണ്ട, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേജ് നമ്പർ 132മുതൽ 145 വരെ ഒഴിച്ചിട്ടിരിക്കുന്നു. |
| | 15-08-2017 | അജണ്ട, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

ഗ്രാമസഭാ മിനുട്ട്സിൽ അജണ്ടയും തീരുമാനങ്ങളും പൂർണ്ണമായി രേഖപ്പെടുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-07-2017 മുതൽ 14-07-2017 വരെ | 01-04-2017 മുതൽ 30-06-2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-08-2011 മുതൽ 19-08-2016 വരെ | 2009-10 | 06-07-2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് പുസ്തകങ്ങൾ ഉപയോഗിക്കുന്നതിലെ അപാകങ്ങൾ

**1. മാന്വൽ രശീത് ബുക്കിലെ പേജ് നഷ്ടപ്പെട്ടത്- വ്യക്തത വരുത്തിയില്ല.**

B-2 സെക്ഷൻ ക്ലാർക്കിന് (സുനിൽ) 14-02-2017 ന് അനുവദിച്ച 32845 നമ്പർ രശീത് പുസ്തകത്തിലെ 75-ാം നമ്പർ രശീതിന്റെ അസ്സലും ഡ്യൂപ്ലിക്കേറ്റും പ്രസ്തുത ബുക്കിൽ ഉൾപ്പെട്ടിട്ടില്ല. രശീത് പുസ്തകത്തിലെ ആദ്യ പേജിൽ 45,66, 96 എന്നീ രശീതുകൾ ഒഴികെ

പുസ്തകത്തിൽ 100 പേജുകളുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (ഇവയുടെ ഡ്യൂപ്ലിക്കേറ്റ് രശീത് പുസ്തകത്തിൽ ഉണ്ട്). സെക്ഷൻ ക്ലാർക്ക് ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററിൽ രശീത് നമ്പർ 75 'മിസ്സിംഗ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ മേലുദ്യോഗസ്ഥരാരുംതന്നെ രശീത് നഷ്ടപ്പെട്ടതു സംബന്ധിച്ച് വിശദീകരണം ആരായുകയോ കുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തു കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/16-17, തീയ്യതി 17-18-2017) പ്രസ്തുത പേജില്ല എന്ന് രശീത് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്താൻ വിട്ടുപോയതാണെന്നും കളക്ഷൻ രജിസ്ററിൽ പേജില്ല എന്ന് രേഖപ്പെടുത്തുകയും ആയത് അക്കൗണ്ടന്റ് പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രശീത് പുസ്തകത്തിൽ പേജില്ല എന്ന വസ്തുത വേണ്ടത്ര ഗൗരവത്തോടെ കൈകാര്യം ചെയ്തിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. രശീത് ദുരുപയോഗം ചെയ്തില്ല എന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

2. ഓഫീസ് കളക്ഷന് ഉപയോഗിക്കുന്ന മാന്വൽ രശീത് പുസ്തകങ്ങൾക്ക് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ഓഫീസ് ആവശ്യത്തിന് ഒരേസമയം ഒന്നിൽക്കൂടുതൽ രശീത് പുസ്തകങ്ങൾ ഉപയോഗിച്ചു - രശീതുകൾ പാഴായി.

32776 -ാം നമ്പർ രശീത് പുസ്തകം 21-05-2016 ന് ഓഫീസ് ആവശ്യത്തിന് എടുത്തതാണ്. ഇതിൽ 4 രശീത് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. പിന്നീട് ഈ രശീത് പുസ്തകം ഉപയോഗിക്കാതെ 32835 നമ്പർ പുസ്തകമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിലും 9 രശീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷാവസാനത്തോടെ ബാക്കി രശീതുകൾ മുഴുവൻ പാഴാകുകയാണ് ചെയ്തത്. രശീതു പുസ്തകങ്ങൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

4. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രശീതുകൾ.

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി വി ഇ ഒ യ്ക്ക് 5 രശീത് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട് ( ബുക്ക് നമ്പർ 32854,32855, 32856, 32857, 32858). 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 (സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രശീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വിഇഒ ഗുണഭോക്തൃവിഹിതം പിരിച്ച രശീതുകളിലൊന്നും തന്നെ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2.കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ പണം സ്വീകരിച്ച തീയ്യതി, പണം സ്വീകരിച്ച ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. രശീത് പുസ്തകങ്ങൾ അപാകങ്ങൾ ഒഴിവാക്കി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 <u>വാർഡ് തല അന്വേഷണ ഉദ്യോഗസ്ഥർ ചുമതലകൾ</u>

നിറവേറ്റുന്നില്ല

ഓഡിറ്റ് കാലയളവിൽ 4 വാർഡ് ക്ലാർക്കുമാരാണ് ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഈ കാലയളവിൽ ഇവരിൽ നിക്ഷിപ്തമായ എല്ലാ ചുമതലകളും ഇവർ ഫലപ്രദമായി നിറവേറ്റിക്കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. ആകെ 2 അനധികൃത നിർമ്മാണങ്ങൾ മാത്രമേ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

2. ഗ്രാമ പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെയും 2013-14 വർഷം പാപ്പിനിശ്ശേരി റെയിൽവേ ഗേററിൽ മേൽപ്പാല നിർമ്മാണം തുടങ്ങിയതിനുശേഷം 2016-17 വരെ ഈ മേഖലയിൽ പ്രവർത്തനം നിർത്തിയ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെയും എണ്ണം റിപ്പോർട്ട് ചെയ്യപ്പെട്ടത് ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം 10 /2016-17, തീയ്യതി : 24-08-2017) ലഭ്യമല്ല എന്നാണ് മറുപടി നൽകിയത്. മേൽപ്പാലത്തിന്റെ പണി തുടങ്ങിയതിനുശേഷം ഈ മേഖലയിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തുകയോ സ്ഥലം മാറുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ വ്യക്തമായ കണക്കോ ക്ലാർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2013-14 വർഷം മുതലുള്ള ഡി& ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർഷം തോറും ഗണ്യമായ കുറവ് വരുന്നതായി കാണാം. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | അനുവദിച്ച ലൈസൻസുകളുടെ എണ്ണം | ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ് |
|---|---|---|
| 2013-14 | 630 | 97530 |
| 2014-15 | 574 | 112920 |
| 2015-16 | 553 | 120755 |
| 2016-17 | 598 | 215595 |

ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ കുറവ് വിശദീകരിക്കപ്പെട്ടിട്ടില്ല. ഓരോ വാർഡിന്റെയും ചുമതലപ്പെട്ട ക്ലാർക്കുമാർ അവരുടെ വാർഡിലെ പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളുടെ കണക്കെടുപ്പ് നടത്തേണ്ടതും അവ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്തു എന്നുറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അവയെ ഡി & ഒ ലൈസൻസ്

പരിധിയിൽ കൊണ്ടുവരാനുള്ള നടപടികളും സത്വരമായി സ്വീകരിക്കേണ്ടതാണ്.

3. 17 വ്യവസ്ഥകൾക്ക് വിധേയമായാണ് ഗ്രാമ പഞ്ചായത്ത് ലൈസൻസിക്ക് ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. ഫീൽഡ് സന്ദർശന സമയത്ത് ഈ വ്യവസ്ഥകളുടെ ലംഘനങ്ങൾ നടക്കുന്ന സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ബന്ധപ്പെട്ട വാർഡ് ക്ലാർക്കുമാർ അതാതുസമയം ഓഫീസിൽ റിപ്പോർട്ട് ചെയ്യാറില്ല. ഈ അപാകം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ

തീയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)റെഗുലറൈസേഷൻ രജിസ്റ്റർ-സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് കാലയളവിൽ 2011-ലെ കേ.പ.രാ. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധി പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

## 2-5 വസ്തുനികുതി - 13,69,243 രൂപയുടെ കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കി

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക 30,77,302 രൂപയാണ്. എന്നാൽ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP- 43 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക 15,95,636 രൂപ മാത്രമാണ്. ഇതനുസരിച്ച് 2016-17 വർഷത്തെ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള വസ്തുനികുതി 14,81,666 രൂപ യാണെന്നിരിക്കെ ബാലൻസ്ഷീറ്റ് B-15ഷെഡ്യൂളിൽ 1,12,423 രൂപ മാത്രമാണ് കുടിശ്ശി കയിനത്തിൽ കാണിച്ചിരിക്കുന്നത്. വസ്തുനികുതി കുടിശ്ശികയായ 13,69,243 രൂപ (14,81,666 – 1,12,423) ഇത്തരത്തിൽ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. കുടിശ്ശികയിനത്തിൽ ഡിമാന്റിൽ നിന്നും ഒഴിവാക്കിയ 13,69,243 രൂപയുടെ വിശദവിവരങ്ങൾ (ഒഴിവാക്കിയ കെട്ടിടങ്ങളുടെ എണ്ണം, ഓരോ കെട്ടിടത്തിന്റെയും കെട്ടിട നമ്പർ, തറവിസ്തീർണ്ണം, നികുതി തുടങ്ങിയവ) ലഭ്യമല്ല.

സർക്കാർ ഉത്തരവ് 144/2015/ത.സ്വ.ഭ.വ, തീയ്യതി 27-04-2015 പ്രകാരം വസ്തുനികുതി പരിഷ്കരണത്തിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കുടിശ്ശികയിനത്തിൽ 13,69,243 രൂപ കുറഞ്ഞിരിക്കുന്നത് എന്നും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം സഞ്ചയ സോഫ്റ്റ് വെയറിൽ വരുത്തിയ മാറ്റം കാരണം വസ്തുനികുതി ഡാറ്റാബേസിൽ തന്നെ കുറവ് വന്നിട്ടുള്ളതാണ് എന്നും ആയത് പ്രകാരം ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തുനികുതിയിലാണ് കുറവ് വന്നിട്ടുള്ളതെന്ന് കൃത്യമായി പറയാൻ സാധിക്കുന്നതല്ല എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.7/2016-17,തീയ്യതി : 22-08-2017) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി - 1,60,935 രൂപ കുടിശ്ശിക , നികുതി നിർണ്ണയം നടത്തിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട മൊബൈൽ ടവറുകളുടെ ഫയൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/16-17,തീയ്യതി : 17-08-2017) മറുപടിയായി ആകെ 16 ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ ഒന്ന് ബി.എസ്. എൻ.എൽ. ആണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടവറുകളുടെ വസ്തുനികുതിയിനത്തിൽ 1,60,935 രൂപ കുടിശ്ശികയുണ്ടെന്നും ആയത് ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ടവറുകളുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് അനുവദനീയമായ മുഴുവൻ വസ്തുനികുതിയും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മൊബൈൽ ടവറിന്റെ വസ്തുനികുതി കണക്കാക്കുമ്പോൾ ടവറിന്റെ ഡീസൽ ജനറേറ്റർ ഉൾപ്പെടുന്ന ഭാഗം, ടവറിന്റെ സ്പാൻ ഉൾപ്പെടുന്ന ഭാഗം,ടവറിനോടനുബന്ധിച്ചുള്ള ഷെൽട്ടർ ഉൾപ്പെടുന്ന ഭാഗം എന്നിവ കൂടി കണക്കാക്കി വേണം നികുതി നിർണ്ണയിക്കേണ്ടത്. ജി ഒ (ആർ ടി ) നം 707/2014 തീയ്യതി 07-03-2014 പ്രകാരം മൊബൈൽ ടവറിന്റെ സ്പാൻ ഉൾപ്പെടെയുള്ള ഭാഗം കൂടി പരിഗണിച്ചുവേണം മൊത്തം വസ്തുനികുത നിർണ്ണയിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ സ്പാനുകളുടെ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തിയാണ് വസ്തനികുതി നിർണ്ണയം നടത്തിയതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 ബി എസ് എൻ എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു ബി എസ് എൻ എൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടെന്ന് 2/16-17,തീയ്യതി : 17-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ ഈ മൊബൈൽ ടവറിൽ നിന്നും വസ്തനികുതി ഈടാക്കുന്നില്ലയെന്നും അറിയിച്ചിട്ടുണ്ട്. ജി ഒ (ആർ ടി) 2640/2012 തസ്വഭവ 19-09-2012 പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ. ചീഫ് മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കേണ്ടതാണ്.

## 2-8 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ട്രേഡേർസ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകയ്ക്ക് കൊടുത്ത റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ട്രേഡേർസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | XIV 400 | എം ഗംഗാധരൻ |
| 2 | XIV 401 | എം രാധാകൃഷ്ണൻ |
| 3 | XIV 402 | എം രാധാകൃഷ്ണൻ |
| 4 | XIV 403 | എം രാധാകൃഷ്ണൻ |
| 5 | XIV 404 | കെ വി ബാലകൃഷ്ണൻ |
| 6 | XIV 405 | ബാബു കാപ്പാടൻ |
| 7 | XIV 406 | കെ കമല |
| 8 | XIV 408 | പി സുധ |
| 9 | XIV 409 | ബാബു കാപ്പാടൻ |
| 10 | XIV 410 | ദിനേശൻ സി പി |
| 11 | XIV 421 | സെക്രട്ടറി, മേജർയൂത്ത് ക്ലബ്, പാപ്പിനിശ്ശേരി |
| 12 | XVI 754,756,614 | വി ഹാഷിം |
| 13 | XVI 755 | വി മുഹമ്മദ് ബഷീർ |
| 14 | XVI 758 | പാറക്കൽ അബ്ദുള്ള |
| 15 | XVI 613 | കെ പി ഷുക്കൂർ |
| 16 | XVI 615 | എം വി ഹംസ |

| | | |
|---|---|---|
| 17 | XVI 616 | എം സുബൈർ |
| 18 | XVI 612 | ബി ഹാഷിം |
| 19 | XVII 589A | മാവേലി സ്റ്റോർ |

മേൽപ്പറഞ്ഞ ഓരോ മുറിയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സ്വഭാവം,ഈ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് 2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അനുവദിച്ചത് ആർക്ക്, ഓരോന്നിനും ഈടാക്കിയ ലൈസൻസ് ഫീ, രശീതി നമ്പർ/ തീയ്യതി എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.17/2016-17, തീയ്യതി : 24-08-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-9 തൊഴിൽനികുതി അപാകങ്ങൾ

1. ഡി &ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2016-17 ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററി ലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെ ടുത്തിയ ജീവനക്കാ രുടെ എണ്ണം |
|---|---|---|
| 4 | ഗോൾഡൻ ഫർണിച്ചർ | 15 |
| 10 | പി പി ഡൈ വർക്സ് | 3 |
| 20 | വീനസ് ഡിസ്ട്രിബ്യൂട്ടേർസ് | 2 |
| 36 | ശ്രേയസ്സ് എഞ്ചിനിയറിംഗ്, കീച്ചേരി | 4 |
| 37 | ഓസോൺ ട്രേഡിംഗ് | 3 |
| 103 | എച്ച് എം എസ് കാർ &കെയർ സർവ്വീസ് | 3 |

| | | |
|---|---|---|
| 133 | ശ്രീ മുത്തപ്പൻ സ്റ്റോൺക്രഷർ | 3 |
| 225 | കണ്ണൂർ ജില്ലാ കൺസ്ട്രക്ഷൻ & ഡ്രഡ്ജിംഗ് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം | 4 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിലെ ഒന്നിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ബി.എസ്.എൻ.എൽ. പാപ്പിനിശ്ശേരി 2016-17 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊതുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥ യിൽ ഏജന്റുമാരായി ജോലി ചെയ്തുവരുന്നവരിൽ നിന്ന് തൊഴിൽനികുതി നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും നികുതി ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. /2016-17, തീയ്യതി : 25-08-2017)

# ഭാഗം-3

## <u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>മഴക്കാലപൂർവ്വ ശുചീകരണം—പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിന്റെ ലംഘനം 30000 രൂപ തടസ്സം ചെയ്യുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ത.സ്വ.ഭ.വകുപ്പിന്റെ 01.4.2016ലെ 201/DC1/2016 നമ്പർ സർക്കുലറിൽ മഴക്കാല പൂർവ്വ ശുചിത്വകാമ്പയിന് നടപ്പിലാക്കേണ്ടതു സംബന്ധിച്ച വിശദമായ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആരോഗ്യ വകുപ്പും ത.സ്വ.ഭ.വകുപ്പും സംയുക്തമായി എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് മേൽ സർക്കുലർ വഴി സർക്കാർ നിർദേശം നല്കിയിരിക്കുന്നത്. ഇതു പ്രകാരം ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ

കർമ്മപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വാർഡ് തല ശുചിത്വ കൂട്ടായ്മ, ശുചിത്വസ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വമാപ്പിംഗ്, ഡ്രൈ ഡേ ആചരണം എന്നിവയും സംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയതായി കണ്ടില്ല. മേൽ ഉത്തരവുപ്രകാരം ഓരോ വാർഡിലെയും പ്രവർനങ്ങൾക്കായി പതിനായിരം രൂപ വീതം അനുവദിച്ചിരുന്നു. 2016 ജൂൺ30ന് മുമ്പ് ചെലവഴിക്കപ്പെടുന്ന തുകമാത്രമേ മഴക്കാല പൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂവെന്ന് മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ (20 വാർഡുകളിൽ 17 വാർഡുകളുടെ ചെലവുരേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിരുന്നുള്ളൂ.) മിക്കവാറും എല്ലാ വാർഡുകളിലും കാനവൃത്തിയാക്കൽ, തോട് വൃത്തിയാക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് (നിർബന്ധമായും മഴ തുടങ്ങുന്നതിന് മുമ്പ് ചെയ്യേണ്ട പ്രവൃത്തികൾ) വാർഡുതല ആരോഗ്യ ശുചിത്വ സമിതി തീരുമാനമെടുത്തതുതന്നെ 2017 ജനുവരി, ഫെബ്രുവരി തുടങ്ങിയ മാസങ്ങളിലാണ്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധവും മഴക്കാല പൂർവ്വ ശുചീകരണം എന്ന ലക്ഷ്യത്തിന്റെ ലംഘനവുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രവർത്തനങ്ങൾക്കായി 10,000രൂപ വീതം അനുവദിച്ചിരുന്നെങ്കിലും (ചെക്ക് നം.555007/4.7.16 മുതൽ 555026/4.7.16വരെ). 7,9,11 വാർഡുകൾക്കായി നല്കിയ തുകയുടെ ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 30,000രൂ.(3*10,000)ചെലവ് ഓഡിറ്റിൽ തടസത്തിൽ വയ്ക്കുന്നു. കാലിക പ്രാധാന്യം കണക്കിലെടുത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് അധികൃതർ, ഭരണസമിതി അംഗങ്ങൾ എന്നിവർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ടെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-2 ഗ്രാമ പഞ്ചായത്തിൽ സോളാർ പ്ളാന്റ് സ്ഥാപിക്കൽ-നിർമ്മാണം പൂർത്തായായെങ്കിലും വൈദ്യുതി ഉല്പാദനം തുടങ്ങിയില്ല

10KVA വൈദ്യുതി ഉദ്പാദനം ലക്ഷ്യമിട്ട് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റാണിത് (പ്രോജക്ട് നം.151/17). 9,57,175രൂ. (പ്ലാന് ഫണ്ട്-4,73,587രൂപ (ബിൽ നം.16/16-17 തീ.21.2.17) എഫ്.സി.ഗ്രാന്റ്-4,26,413രൂപ (വൗച്ചർ നം. 21601287/29.3.17) തനത് ഫണ്ട്-57,175രൂപ (47175/-(വൗച്ചർ നം. 21601371/31.3.17) 10,000/- (വൗച്ചർ നം. 21601213/27.3.17)) ചെലവഴിച്ച് കെൽട്രോൺ ആലപ്പുഴ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ മേൽ പ്രോജക്റ്റിന് Dept.of Electrical Inspectorate (Electrical Inspector,Kannur) 21.7.2017ലെ B3/3499/2017/EIN ഉത്തരവു പ്രകാരം പ്രവർത്തനാനുമതി നല്കിയിരുന്നുവെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി ക്ക് നല്കുവാനാണ് തീരുമാനമെന്ന് അധികൃതർ വിശദീകരിച്ചു. (കെ.എസ്.ഇ.ബി വസൂൽ ചെയ്യുന്ന നിരക്കിൽ തന്നെ). ആയതിനാൽ പദ്ധതി പ്രവർത്തനം അടിയന്തിരമായി ആരംഭിച്ച് വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 സാനിട്ടറി ലാപ്ടിൻ നിർമ്മാണം-ശുചിത്വമിഷൻ ഫണ്ട് ഉപയോഗം സംബന്ധിച്ച്

വി.ഇ.ഒ നിർവ്വഹണം നടത്തിയ സാനിറ്ററി ലാട്രിൻ നിർമ്മാണം (s0095/17, യൂണിറ്റ് കോസ്റ്റ് 15,400) എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ 3,85,000രൂ. (വികസന ഫണ്ട് 3,84,000രൂ, തനത് ഫണ്ട് 1000രൂ. ഗുണഭോക്താക്കൾ 25) വകയിരുത്തുകയും ബിൽ നം.01/16-17 തീ. 27.10.16, 04/16-17തീ. 28.12.16 , 11/16-17തീ. 27.3.17 എന്നിവ പ്രകാരം യഥാക്രമം 3,38,800രൂ, 30800രൂ. 14,400രൂ. ചെലവഴിച്ചിട്ടുണ്ട്. ശുചിത്വമിഷനിൽ നിന്ന് 24.02.2017ന് ലഭിച്ച 115200/രൂ.പഞ്ചായത്തിന്റെ അക്കൌണ്ടിൽ (A/C No.67051248413,SBT Pappinisseri) സൂക്ഷിച്ചിരിക്കുകയാണ്. ശുചിത്വമിഷനിൽനിന്ന് തുക തിരിച്ചുകിട്ടുന്ന മുറയ്ക്ക് പ്രസ്തുത തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 25.7.2016 ലെ 2235/16 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ തുക വികസന പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ശുചിത്വമിഷനിൽ നിന്നു ലഭിക്കാനുള്ള ബാക്കി തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ (സി എച്ച് സി)- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്റ്റ് നമ്പർ : 99/17

പേര് : സാന്ത്വനം (പാലിയേറ്റീവ് കെയർ)

അടങ്കൽ : 4,50,000 (വി.ഫ.ജ)

: 50,000 (മറ്റ് ബ്ലോക്ക് പഞ്ചായത്ത്)

ആകെ : 5,00,000

ചെലവ് : 4,50,000 (വി.ഫ.ജ)

: 49,213 (മറ്റ് ബ്ലോക്ക് പഞ്ചായത്ത്)

പ്രോജക്റ്റ് നമ്പർ : 100/17

പേര് : വൃദ്ധജന ആരോഗ്യപരിപാലനം

അടങ്കൽ : 1,80,000 (വി.ഫ.ജ)

ചെലവ് : 1,80,000 (വി.ഫ.ജ)

മേൽ പ്രോജക്റ്റുകളിൽ ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾ തുക കൈപ്പറ്റി യതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക ലഭിക്കേണ്ട വ്യക്തികൾ/ സ്ഥാപനങ്ങളുടെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ് എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. തുക കൈമാറിയതിന് ബന്ധപ്പെട്ട ബാങ്കുകൾ നൽകിയ സ്റ്റേറ്റ്മെന്റോ തുക ലഭിച്ചവർ തങ്ങളുടെ അക്കൗണ്ടിൽ തുക ലഭിച്ചു എന്നതിന് നൽകിയ കൈപ്പറ്റ് രശീതോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട മോണിറ്ററിംഗ്

കമ്മിറ്റി തയ്യാറാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് അന്വേഷണം നം.13, തീയ്യതി : 25-07-2017) മറുപടിയായി ലഭ്യമാക്കിയത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ട്- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

1. പ്രോജക്ട് നമ്പർ : 54/17

പേര് : ആയുർവേദ ഡിസ്പെൻസറി മരുന്ന് ശേഖരണം

അടങ്കൽ : 3,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 3,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

മേൽ പ്രോജക്ടിൽ ബിൽ നം.1/16-17, തീയ്യതി 15-11-2016 പ്രകാരം 3,00,000 രൂപ പിൻവലിക്കുകയും ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനുവേണ്ടി ഡി ഡി നമ്പർ 916276, 30-12-2016 പ്രകാരം ഔഷധിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 21-06-2017തീയ്യതി വരെ 8 ഘട്ടങ്ങളിലായി 2,77,767 രൂപയ്ക്കുള്ള മരുന്നു മാത്രമേ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളൂ. ബാക്കി 22,233രൂപയ്ക്കുള്ള മരുന്ന് നാളിതുവരെയായി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എഴുത്തയച്ചിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2, തീയ്യതി : 19-08-2017ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ മരുന്നും ലഭിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രോജക്ട് നമ്പർ : 55/17

പേര് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ,തീയ്യതി : 2/16-17 , 15-11-2016

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 1,50,000 രൂപ പിൻവലിച്ച് ഡിഡി നമ്പർ 916275, തീയ്യതി 30-11-2016 പ്രകാരം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതനുസരിച്ച് 05-05-2017 ന് 1,43,380 രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 6620 രൂപയ്ക്കുള്ള മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ ഹോംകോയ്ക്ക് കത്തയച്ചിട്ടുണ്ട് എന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2, തീയ്യതി : 19-08-2017ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇന്റന്റ് പ്രകാരം ആവശ്യപ്പെട്ട മുഴുവൻ മരുന്നും കിട്ടി എന്നുറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

3. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട്

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 3-6 DBT വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ - ഗുണഭോക്താക്കൾ ഉൾപ്പെട്ടുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല

സാമൂഹിക പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് / പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിനുള്ള സംവിധാനമാണ് DBT അഥവാ ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ.

DBT പെൻഷൻ വിതരണത്തിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1.ഗുണഭോക്താക്കളുടെ വിവരങ്ങളിൽ തിരുത്തലുകൾ വരുത്തണമെങ്കിൽ ആവശ്യമായ രേഖകൾ സഹിതം സോഫ്റ്റ് വെയറിൽ ആ തിരുത്തലുകൾ വരുത്തുക.

2.മരണം സംഭവിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ പെൻഷനിൽ നിന്നും ഒഴിവാക്കപ്പെടേണ്ട സാഹചര്യം ഉണ്ടാകുമ്പോഴോ ആയതിന്റെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുക.

3.താത്കാലികമായി പെൻഷൻ തടഞ്ഞുവെക്കേണ്ട സാഹചര്യത്തിൽ ആയതിന്റെ കാരണം ഉൾപ്പെടുത്തി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുക.

4.മരണം സംഭവിക്കുന്ന വ്യക്തികളുടെ അർഹമായ തുക അവരുടെ അവകാശിക്ക് നൽകുന്നതിനായുള്ള വിവരങ്ങൾ വരുത്തുക.

5.ഗുണഭോക്താക്കളുടെ വിവരങ്ങളിൽ എന്തു മാറ്റം വരുത്തിയാലും അവ കൃത്യത ഉറപ്പാക്കി പരിശോധിച്ച് സെക്രട്ടറിയുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഡാറ്റാ സെന്ററിലേക്ക് അയക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന ഓഡിറ്റ് അന്വേഷത്തിന് (ഓഡിറ്റ് അന്വേഷണം നം.13, തീയ്യതി : 08-08-2017)ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും DBT വഴി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയും.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | DBT വഴി വിതര ണം ചെയ്ത പെൻ ഷൻ തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 354 | 3,18,040 |
| 2 | വാർദ്ധക്യകാല | 2617 | 2,55,69,960 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 3 | വിധവ പെൻഷൻ | 1082 | 1,27,40,340 |
| 4 | അവിവാഹിത പെൻഷൻ | 133 | 14,28,330 |
| 5 | വികലാംഗ പെൻഷൻ | 300 | 27,42,895 |

ഗ്രാമ പഞ്ചായത്തിൽ 2016 വർഷം 163 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ മരണ റിപ്പോർട്ടിൽ പെൻഷണറാണ് എന്നത് ആധാർ നമ്പർ പ്രകാരം ഉറപ്പ് വരുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്നവരെ പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പെന്റ് ചെയ്യുവരാറുണ്ട് എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. നിലവിൽ പെൻഷൻ വിതരണം DBT സമ്പ്രദായം വഴിയും ദേശസാൽകൃത ബാങ്കുകൾ മുഖേനയും സഹകരണ ബാങ്ക് വഴി നേരിട്ട് വീട്ടിലെത്തി ക്കുന്ന സമ്പ്രദായം മുഖേനയും ആയതിനാൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റാത്ത വിവരം ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് വീണ്ടും തുക എത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. ഇത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഗുരുതരമായ വീഴ്ചയാണ്. ഗുണഭോക്താക്കളുടെ മരണം മൂലമോ മറ്റേതെങ്കിലും സാഹചര്യത്തിലോ പെൻഷൻ നിർത്തലാക്കുന്നതിന് വേണ്ട രേഖപ്പെടുത്തലുകൾ സോഫ്റ്റ് വെയറിൽ യഥാസമയം വരുത്തേണ്ടതും അർഹതയില്ലാത്തവർ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 അംഗൻവാടികളിൽ കസേരവാങ്ങലും കളിയുപകരണങ്ങൾവാങ്ങലും മറ്റ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങലും- അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.സി.സൂപ്പർവൈസർ

പ്രോജക്ട് നമ്പർ/പേര് 133/2017അംഗൻവാടികളിൽ കസേരവാങ്ങലും കളിയുപകരണങ്ങൾ വാങ്ങലും മറ്റ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങലും.

അടങ്കൽ- 499000 ചെലവ് 499000 വികസനഫണ്ട് ജനറൽ

ബിൽ നമ്പർ 9/30-03-2017 499000.

പ്രോജക്ട് പ്രകാരം കസേര, കളിയുപകരണങ്ങൾ മറ്റ് ഉപകരണങ്ങൾ എന്നിവ കളേഴ്സ് ഗിഫ്റ്റ് അന്റ് കിഡ്സ് കലക്ഷൻ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങലുകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഒരേ ഇനത്തിന് തന്നെ വ്യത്യസ്ത നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ഉയർന്ന നിരക്കിലുള്ള ഉപകരണമാണ് ക്വാട്ട് ചെയ്തത്. എന്നാൽ സപ്ലൈഓർഡർ നല്കിയതിൽ സാധനത്തിന്റെ സ്പെസിഫിക്കേഷൻ പരാമർശിച്ചിട്ടില്ലെങ്കിലും സ്ഥാപനം ക്വട്ടേഷൻ കാണിച്ചതിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ നിരക്കിലുള്ള ഉപകരണങ്ങളാണ് വിതരണം ചെയ്തത്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്വാട്ട് ചെയ്തത് | നിരക്ക് | സപ്ലൈഓർഡർ നല്കിയത് | അംഗൻവാടിയിൽ വിതരണം ചെയ്തത് | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | നീൽകമൽ മോഡൽ നം5015 | 155 | 177 രൂപയുടെ ചെറിയ കസേര (മോഡൽ നമ്പർ പരാമർശിച്ചിട്ടില്ല.) | നീൽകമൽ മോഡൽ നം 5017@155 120 എണ്ണം (ഇവക്ക് 177/- രൂപ നിരക്ക് നൽകി) | 177-155= 22x120= 2640 |
| | നീൽകമൽ മോഡൽ നം5017 | 155 | | | |
| | നീൽകമൽ മോഡൽ നം5005 | 175 | | | |
| | നീൽകമൽ മോഡൽ നം5009 | 177 | | | |
| | നീൽകമൽ മോഡൽ നം5019 | 177 | | | |

അധികം നല്കിയ 2640 രൂപ തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ക്വാട്ട് ചെയ്തത് | നിരക്ക് | സപ്ലൈഓർഡർ നല്കിയത് | അംഗൻവാടിയിൽ വിതരണം ചെയ്തത് |
|---|---|---|---|---|
| 2 | സീലിംഗ് ഫാൻ സുപ്രീയ | 890 | സീലിംഗ് ഫാൻ ഹാവൽസ് @1150 | സീലിംഗ് ഫാൻ (സ്മാർട്ട് ) |

| | | | |
|---|---|---|---|
| | സീലിംഗ് ഫാൻ ക്രോംപ്റ്റൻ | 1050 | |
| | സീലിംഗ് ഫാൻ ഹാവൽസ് | 1150 | |
| | സീലിംഗ് ഫാൻ ഹാവൽസ് | 1250 | |

സീലിംഗ് ഫാൻ (സ്മാർട്ട് ) എന്ന ഇനം സ്ഥാപനം ക്വാട്ട് ചെയ്തിട്ടില്ല. ഹാവൽസ് കമ്പനിയുടെ സീലിംഗ് ഫാൻ വിതരണം ചെയ്യുന്നതിന് പകരം കുറഞ്ഞനിരക്കിലുള്ള സ്മാർട്ട് കമ്പനിയുടെ ഫാനാണ് വിതരണം ചെയ്തത്. വിതരണം ചെയ്ത 1150 രൂപയുടെ 6ഫാനുകൾ അംഗൻവാടിയിൽ സ്ഥാപിച്ചിട്ടില്ല.

2) വിതരണം ചെയ്ത സ്ലൈഡർ സ്ഥാപിച്ചിട്ടില്ല. 116000 രൂപയുടെ ഉപകരണങ്ങൾ നിഷ്ക്രീയമായി കിടക്കുന്നു.

വിവധ അംഗൻവാടികളിൽ സ്ഥാപിക്കുന്നതിന് @23200 പ്രകാരം 5 സ്ലൈഡറുകൾ വാങ്ങിയെങ്കിലും ആയവ അംഗൻവാടികളിൽ സ്ഥാപിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്ഥാപിക്കാത്തത് കാരണം 116000 രൂപയുടെ ഉപകരണങ്ങൾ നിഷ്ക്രീയമായി കിടക്കുന്നു. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് മുന്നേതന്നെ പണം അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി ശരിയല്ല.

3) സപ്ലൈഓർഡർ പ്രാകരം തുക നല്കിയ 17715 രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

സപ്ലൈഓർഡർ പ്രാകാരം തുക നല്കിയ 17715 രൂപയുടെ ഉപകരണങ്ങൾ ലഭിക്കാനുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ലഭിക്കാത്ത ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| | സപ്ലൈഓർഡർ പ്രാകരം തുക നല്കി ഉപകരണങ്ങളുടെ വിവരം | | | അംഗൻവാടികൾ വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണം | ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വില |
|---|---|---|---|---|---|
| | ഇനം | എണ്ണം | നിരക്ക് | | |
| 1 | സ്റ്റീൽ പ്ലെയിറ്റ് | 130 | 55 | 30 | 5500 |
| 2 | സ്റ്റീൽ വെസ്സൽ | 19 | 290 | 11 | 3190 |

| | | | | | |
|---|---|---|---|---|---|
| 3 | ബ്ലാക്ക് ബോർഡ് | 19 | 440 | 19 | 8360 |
| 4 | മാറ്റ് | 38 | 35 | 19 | 665 |
| ആകെ | | | | | 17715 |

ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുന്നേ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി ശരിയല്ല. 22 ഇനം ഉപകരണങ്ങൾ അംഗൻവാടികളിലേക്ക് വാങ്ങിയിട്ടുണ്ട്. എല്ലാ ഉപകരണങ്ങളും സ്ഥാപനം വ്യത്യസ്ത നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലഭിച്ച ഉപകരണങ്ങൾ സപ്ലൈഓർഡർ നല്കിയ ഇനങ്ങളാണോയെന്ന് പ്രൊക്യുയർമെന്റ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥയോ പരിശോധിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് ഉണ്ടായ നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കാൻ ഭരണവകുപ്പിനോട് ശുപാർശചെയ്യുന്നു. കസേരയിനത്തിൽ അധികം നല്കിയ 2640/- രൂപയും ലഭിക്കാനുള്ള ഉപകരണങ്ങളുടെ വിലയായ 17715/- രൂപയും ഉൾപ്പെടെ 20355/- രൂപ നിരാകരിക്കുന്നു. അപാകങ്ങൾ കാരണം 478645/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 242680 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്സ്.

പ്രോജക്ട് നമ്പർ പേര്- ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം

അടങ്കൽ300660 (269049 ധനകാര്യ കമ്മീഷൻ അവാർഡ്, 31611 മെയിന്റനൻസ് റോഡിതരം)

ചെലവ് ബിൽ നമ്പർ 7/29-03-2017 269049

ബിൽ നമ്പർ 8/29-03-2017 31611

പ്രോജക്ട് പ്രകാരം ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ, എൽ.എഫ്.ഡി., ഡിജിറ്റൽ പോഡിയം എന്നിവ വാങ്ങി ഗവൺമെന്റ് വെൽഫയർ എൽ.പി.എസ്. പാപ്പിനിശ്ശേരി, ഗവൺമെന്റ് യു.പി.എസ്. പാപ്പിനിശ്ശേരി വെസ്റ്റ് എന്നിവയ്ക്ക് അനുവദിക്കുകയുണ്ടായി. ജി.ഒ.(ആർ.ടി)2777/2016 /പൊ.വി.വ. തീയതി 26-08-2016 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഐ.ടി സംബന്ധമായ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഐ.ടി.@സ്കൂളിന്റെ മേൽനോട്ടത്തിൽ ടെക്ക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും, സ്കൂളുകൾക്കും ആവശ്യമുള്ള ഹാർഡ് വേയറുകൾക്ക് ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവനങ്ങൾ എന്നിവ സാങ്കേതിക സമിതി നിശ്ചയിക്കുന്നതാണ്. സർക്കാരിന്റെയും, എം.പി./എം.എൽ.എ/ തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളിൽ വിന്യസിക്കുന്ന എല്ലാ സംവിധാനങ്ങൾക്കും ഈ വ്യവസ്ഥകൾ ബാധകമാണ്.

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും, സ്കൂളുകളിലും, ഐ.ടി. സർവ്വേ, ഐ.ടി.ഓഡിറ്റ്, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ ഈ സമിതിയുടെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷന്റെ 21-11-2016 ലെ എൻ.ഇ.പി.3/10192/2015/ഡി.പി.ഐ., 30-05-2017 ലെ എൻ.ഇ.പി.3/40036/2017/ഡി.പി.ഐ., എന്നീ നടപടിക്രമങ്ങൾ പ്രകാരം വാങ്ങാവുന്ന ഐ.ടി. ഉപകരണങ്ങളിൽ എൽ.എഫ്.ഡി., ഡിജിറ്റൽ പോഡിയം ഉൾപ്പെടുന്നില്ല. ഡി.പി.ഐ. നടപടിക്രമങ്ങൾ പ്രകാരം വാങ്ങുന്ന 5 വർഷത്തെ വാറണ്ടി ഉറപ്പുവരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ലാപ്പ്ടോപ്പ് മാത്രമാണ് 5 വർഷ വാറണ്ടി ഉറപ്പുവരുത്തിയത്. സർക്കാരിന്റെ നിർദ്ദേശം പാലിക്കാതെ വാങ്ങിയ എൽ.എഫ്.ഡി., ഡിജിറ്റൽ പോഡിയം എന്നിവയുടെ 242680 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാങ്ങലുകൾക്ക് സാങ്കേതിക സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

## 3-9 കമ്മാടത്തിമൊട്ട കിണർ, പമ്പ് ഹൗസ് നിർമ്മാണം വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ നിഷ്ക്രിയമായി കിടക്കുന്നു.

പ്രോജക്ട് നമ്പർ പേര്- 47/17കമ്മാടത്തിമൊട്ട കിണർ, പമ്പ് ഹൗസ് നിർമ്മാണം

കരാറുകാരന്റെ പേര്- സൂനീഷ്.കെ

അടങ്കൽ - 10,70,000 ( 10,30,000 വികസന ഫണ്ട് എസ്.സി.പി., 40000 തനത് ഫണ്ട്)

ചെലവ് - 795034 ( ബിൽ നമ്പർ 3/31-12-2016) വികസന ഫണ്ട് എസ്.സി.പി.,

പ്രോജക്ടിൽ കമ്മാടത്തിമൊട്ട കിണർ, പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവയാണ് ഉൾപ്പെട്ടത്. കിണർ, പമ്പ് ഹൗസ് നിർമ്മാണം പൂർത്തിയാക്കി 795034 ( ബിൽ നമ്പർ 3/31-12-2016) പ്രകാരം കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ വർക്ക് 31-03-2017 മുമ്പായി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിലുള്ള കാലതാമസം കാരണം പ്രവൃത്തിയുടെ മൂല്യമായ 234966 രൂപ 30-06-2017-ൽ മാത്രമാണ് കരാറുകാരന് അനുവദിച്ചത്. ഉൾപ്പെടെ 1030000 രൂപയുടെ പ്രവൃത്തി 31-03-2017 പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ കുടിവെള്ള വിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കുടിവെള്ള വിതരണം ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ 58 പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 26 എണ്ണത്തിന് യാതൊരുചെലവും തൻവർഷം ഉണ്ടായിട്ടില്ല. 31 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചത് 31-03-2017 മാത്രമാണ്. ഇതിൽ മാസങ്ങൾക്ക് മുമ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചവയും ഉൾപ്പെടുന്നു. ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കാത്തത് കാരണം 31-03-2017 ൽ സമർപ്പിച്ച എല്ലാ ബില്ലുകളും തൻവർഷം

മാറാൻസാധിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ പേര് | പ്രവൃത്തിപൂർത്തിയാക്കിയ തീയതി | ബിൽ നമ്പർ സമർപ്പിച്ച തീയതി | തുക |
|---|---|---|---|---|
| 1 | 22/2017മാങ്കടവ് മിൽ റോഡ് അരയാൽ റോഡ് ടാറിംഗ് | 16-03-2017 | 30/31-03-2017 | 528866 |
| 2 | 23/2017കല്ലയ്ക്കൽ താഴെ വളപ്പ് റോഡ് റീടാറിംഗ് | 20-03-2017 | 29/31-03-2017 | 366068 |
| 3 | 26/2017മാങ്കടവ് തീരദേശ റോഡ് ടാറിംഗ് | 24-03-2017 | 18/31-03-2017 | 276041 |
| 4 | 28/2017കരിക്കിൻ കുളം നഴ്സറിസ്കൂൾ റോഡ് റീടാറിംഗ് | 01-03-2017 | 23/31-03-2017 | 350000 |
| 5 | 30/2017തങ്കവില്ല മേച്ചിറ റോഡ് ബാക്കി ഭാഗം ടാറിംഗ് | 20-03-2017 | 29/31-03-2017 | 191802 |
| 6 | 31/2017പുത്തരിക്കണ്ടം പരുത്തിവളപ്പ് റോഡ് റീടാറിംഗ് | 08-03-2017 | 27/31-03-2017 | 467000 |
| 7 | 43/2017വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 12-09-2016 | 34/31-03-2017 | 550000 |
| 8 | 46/2017ബിന്ദു ടാക്കീസ് മെരളി റോഡ് കൽവർട്ടിന് വീതികൂട്ടൽ | 24-05-2016 | 26/31-03-2017 | 182025 |

| | | | | |
|---|---|---|---|---|
| 9 | 48/2017ജി.ഡബ്ല്യ.എൽ.പി.സ്കൂൾ മെയിന്റൻസ് | 16-03-2017 | 22/31-03-2017 | 417590 |
| 10 | 51/2017മെരളി കോളനി വയൽ റോഡ് മെയിന്റൻസ് | 20-03-2017 | 21/31-03-2017 | 275000 |
| 11 | 109/2017മെരളി സ്കൂൾ മെയിന്റനൻസ് | 16-03-2017 | 46/31-03-2017 | 15000 |
| 12 | 122/2017വടക്കേത്താവ നായനാർ റോഡ് ടാറിംഗ് | 03-03-2017 | 24/31-03-2017 | 242380 |

പ്രവൃത്തിപൂർത്തീകരിച്ചിട്ടും ബിൽ സമർപ്പിക്കുന്നതിലുള്ള കാലതാമസം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണം നം.12/25-08-2017 ന് ജീവനക്കാരുടെ അഭാവമാണ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി നല്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. മേൽ പട്ടിക ക്രമ നമ്പർ 7,8 എന്നിവയിൽ ബിൽ സമയബന്ധിതമായി സമർപ്പിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300103 | പാലിന് സബ്സിഡി | 165281 | 134822 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | പെയിൻ ആന്റ് പാലിയേറ്റീവ് | 49213 | 787 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40000 |
| തൻവർഷം നിക്ഷേപിച്ച തുക | – |
| ആകെ | 40000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | – |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 40000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ<br>മെമ്പർ നം.56, Class B) | 20000 |
| കണ്ണൂർ സഹകരണ ഹോസ്പിറ്റൽ സൊസൈറ്റി<br>നം.15, മെമ്പർ D 48<br>നം.236, മെമ്പർ D 48 | 5000<br>15,000 |

| | |
|---|---|
| | |
| ആകെ | 40000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50061876 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54600788 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 20355 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 751325 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-7 | | 20355 | ലീന കോട്ടായി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30000 | ഗോപി.എം.ടി., സെക്രട്ടറി |
| 3-7 | 478645 | ലീന കോട്ടായി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | 242680 | ഗിരിജ.എം.പി. ഹെഡ് മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-7

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗോപി.എം.ടി. | സെക്രട്ടറി പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് | എം.ടി.ഹൗസ്, വരഡൂൽ, കുറുമാത്തൂർ, മുയ്യം 670142 |
| ലീന കോട്ടായി, | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | പ്രേം നിവാസ്, തറച്ചവളപ്പിൽ മുരിങ്ങേരി,<br>പി.ഒ.അഞ്ചരക്കണ്ടി, 670612 |

| | | |
|---|---|---|
| ഗിരിജ.എം.പി. | വരമിച്ചു | പ്രണവം, പുഴാതി,<br>ചിറക്കൽ.പി.ഒ. പുതിയതെരു<br>കണ്ണൂർ. 670011 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(1), തീ.10-06-2013 | 1 | |
| 2000-01<br>പ്ലാൻ | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(2), തീ.10-06-2013 | 6 | |
| 2001-02<br>പ്ലാൻ | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(3), തീ.10-06-2013 | 2 | |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(14), തീ.10-06-2013 | 9 | |
| 2004-05 | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(5), തീ.10-06-2013 | 4 | |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/സി<br>11-289/13(6), തീ.10-06-2013 | 3 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(7), തീ.10-06-2013 | 1 | |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(8), തീ.10-06-2013 | 4 | |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(9), തീ.10-06-2013 | 6 | |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/സി 11-1848/14, തീ.21-11-2014 | 13 | |
| 2010-11<br>2011-12 | എൽ.എഫ് /കെ.എൻ.ആർ/സി 11-1369/13, തീ 16-01-14/04-03-2014 | 18 | |
| 2012-13<br>2013-14 | എൽ.എഫ് /കെ.എൻ.ആർ/സി 11-170/13, തീ.17-12-2015 | 14 | |
| 2014-15 | കെ.എസ്.എ./കെ.എൻ.ആർ. /സി11-1145/2016 തീ.09-08-2016 | 7 | |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി5 /2132/2016 തീ.07-02-2017 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ./കെ.എൻ.ആർ./സി.5/1574/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698

തീയ്യതി – 19.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്ന.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C.5/1574/2017

Kerala State Audit Department,

District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 19.10.2017

Certified that I have audited the Annual Financial Statement of Pappinisseri Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pappinisseri Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR.

## അനുബന്ധം-2

# Pappinissery Grama Panchayath Income & Expenditure statement for the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 7139995 |
| 130000000 | Rental Income from panchayath properties | I-3 | 518664 |
| 140000000 | Fee &User charges | I-4(b) | 873451 |
| 150000000 | Sale &Hire Charges | I-5(b) | 503468 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 83739781 |
| 170000000 | Interest Earned | I-8 | 722619 |
| 180000000 | Other Income | I-9 | 17465 |
| A | Total Income | | 93515443 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 12378623 |
| 220000000 | Administrative Expenses | I-11(b) | 1044181 |
| 230000000 | Operations &Maintanance | I-12(b) | 1648240 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 7747345 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 22122156 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 1112103 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 958696 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 45089865 |
| 255000000 | Maintanance Projects | I-14(e) | 2154487 |
| 256000000 | Other Revenue grant and funds – revenue expenses | 1-15(a) | 64600 |
| 272000000 | Depreciation | I-17(a) | 5467035 |
| B | Total – Expenditure | | 99787331 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (6271888) |
| D280000000 | Prior period Item | I-18 | 1009017 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | (7280905) |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

DEPUTY DIRECTOR

## അനുബന്ധം-3

# RECEIPT AND PAYMENT STATEMENT OF PAPPINISSERI GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 20960554.27<br>521415.00 |
| | Receipts | | |
| | | | |
| 110000000 | Tax Revenue | RP-1 | 1441163 |
| 130000000 | Rental Income form panchayath properties | RP-3 | 2700 |
| 140000000 | Fees & User Charges | RP-4 | 642551 |
| 150000000 | Sale & Hire Charges | RP-5 | 363418 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11919819 |
| 171000000 | Interest Earned | RP-9 | 722619 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28563251 |

| | | | |
|---|---|---|---|
| 350000000 | Other liabilities | RP-36 | 3123959 |
| Non operating | | | |
| 180000000 | Other Income | RP-10 | 17465 |
| 311000000 | Earmarked Funds | RP -29 | 4554 |
| 340000000 | Deposits Received | RP-34 | 266433 |
| 350000000 | Other Liabilities | RP-36 | 892845 |
| 431000000 | Sundry Debtors (Receivables) | RP-43 | 8081099 |
| 460000000 | Loans, Advances and Deposits | RP-47 | 20000 |
| Grand Total | | | 77543845.27 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3011993 |
| 220000000 | Administrative Expenses | RP-12 | 1044181 |
| 230000000 | Operations & Maintenance | RP-13 | 1647725 |
| 250000000 | Decentralised Plan Programme-productive Sector | RP-15 | 3484539 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 20824497 |

| | | | |
|---|---|---|---|
| | | | |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1013395 |
| 253000000 | Decentralised Plan Programme-projects not included in sector | RP-18 | 958696 |
| 254000000 | Expenditures of transferred institutions and state sponsored schemes | RP-19 | 757800 |
| 255000000 | Maintance Projects | RP-20 | 2154487 |
| 256000000 | Other revenue grant and funds revenue expenses | RP-21 | 64600 |
| 280000000 | Prior Perid Items | RP-26 | -61651 |
| 350000000 | Othes Liabilities | RP-36 | 10223470 |
| Non Operating | | | |
| 280000000 | Prior period item | RP-26 | -102528 |
| 340000000 | Deposits Received | RP-34 | 53607 |
| 350000000 | Other Liabilities | RP-36 | 3588545 |
| 410000000 | Fixed Assets | RP-38 | 5491507 |
| 412000000 | Capital work in progress | RP-40 | 120555 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 325370 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 22871709.27<br>71348.03 |
| Grand Total | | | 77543845.27 |

DEPUTY DIRECTOR

## അനുബന്ധം-4

# BALANCE SHEET OF PAPPINISSERI GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 8826616.82 |
| 31100000 | Earmarked Funds | B2 | 109704 |
| 312000000 | Reserves | B-3 | 40227027 |
| | Total Reserve & Surplus | | 49163347.82 |
| 320000000 | Grants , Contribution for specific purposes | B4 | 2071272 |
| | Total Grants, Funds,Contributions for specific purposes | | 2071272 |
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 1017009.65 |
| 350000000 | Other Liabilities | B-9 | 2492750.8 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 3509760.45 |
| | TOTAL LIABILITIES | | 54744380.27 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49090516 |
| 411000000 | Accumulated Depreciation | B-11 | -18242307 |
| 412000000 | Capital Work In Progress | B-11(a) | 120555 |
| | Total Fixed Assets | | 30968764 |
| 420000000 | Investments-General | B-12 | 40000 |
| | Current Assets,Loans and Advances | | 40000 |
| 430000000 | stock-in-hand | B-14 | - |
| 431000000 | Sundry Debtors (Receivables) | B-15 | 153269 |
| 440000000 | Prepaid expenses | B-16 | - |
| 450000000 | Cash and Bank balance | B-17 | 22943057.27 |
| 460000000 | Loans, Advances and Deposits | B-18 | 639290 |
| | Total Current Assets,Loans and Advances | | 23735616.27 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 54744380.27 |

DEPUTY DIRECTOR